


# റഹിമിന് വിട

ഡോ. സി.എസ്. വെങ്കിടേശ്വരൻ

പരിഭാഷ : പി.എൻ. ഗോപീകൃഷ്ണൻ

വലിയകത്ത് അബ്ദു അഥവാ സുഹൃത്തുക്കളുടെയും സഖാക്കളുടെയും പി.കെ.എ. റഹിം എഴുപത്തിമൂന്നാം വയസ്സിൽ, തന്റെ വാസനഗരിയായ തൃശൂരിൽവെച്ച് ഒക്ടോബർ 1 ന് അന്തരിച്ചു. മാധ്യമങ്ങളുടെയും പൊതുശ്രദ്ധയുടെയും തിളക്കങ്ങളിൽനിന്ന് വളരെ ദൂരെ, കുറെക്കാലമായി കിടപ്പിലായിരുന്നു, റഹിം.

വന്നേരിയുടെ, അദ്ദേഹത്തിന്റെ ഭാഷയിൽ, 'നവോത്ഥാനത്തിന്റെ മാതൃഭൂമി'യുടെ, അഭിമാനം തുളുമ്പുന്ന പൗരൻ എന്ന നിലയിൽ നിരവധി സാമൂഹ്യ-രാഷ്ട്രീയ പ്രസ്ഥാനങ്ങളുമായി വിദ്യാർത്ഥി ജീവിതകാലം മുതലേ അദ്ദേഹം ബന്ധപ്പെട്ടുവന്നു. വിദ്യാർത്ഥി പ്രസ്ഥാനവുമായും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവുമായും അടുത്ത ബന്ധം പുലർത്തിവന്ന അദ്ദേഹം പിൽക്കാലത്ത് റോയിസ്റ്റ് ചിന്തയിൽ ആകൃഷ്ടനാകുകയും ഒരു റാഡിക്കൽ ഹ്യൂമനിസ്റ്റായിത്തീരുകയും ചെയ്തു. പിന്നീട് മരണം വരെയും അദ്ദേഹം എം.എൻ. റോയ് ചിന്തയുടെ കടുത്ത അനുയായിയായിരുന്നു. ജന്മനാ ഒരു വിമതൻ എന്ന നിലയിൽ, അദ്ദേഹത്തിന്റെ രാഷ്ട്രീയ പ്രേരണകൾ, മുദ്രാവാക്യങ്ങളിൽനിന്നും പാർട്ടി രാഷ്ട്രീയത്തിൽനിന്നും, സ്വയം പിന്തിരിപ്പിച്ചു. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം രാഷ്ട്രീയമെന്നത് സംസ്കാരത്തിന്റെയും കലയുടെയും അഗാധതലങ്ങളിൽ കൂടുതൽ സഫലമാകുന്ന ഒന്നായിരുന്നു. തന്റെ കാലത്ത് ആഞ്ഞടിച്ച വ്യത്യസ്തമായ സാമൂഹ്യ-മത-സാംസ്കാരിക പ്രസ്ഥാനങ്ങളെ ജീവിതകാലം മുഴുവൻ നീണ്ടുനിന്ന ബന്ധങ്ങൾ വാർത്തെടുക്കാനുള്ള പ്രക്രിയ കൂടിയായി അദ്ദേഹം കണ്ടു. എം. ഗോവിന്ദൻ, എം.ആർ.ബി., പ്രേംജി, കെ.സി.എസ്. പണിക്കർ, സച്ചിദാനന്ദൻ, കെ.ജി. ശങ്കരപ്പിള്ള തുടങ്ങിയവരോട് അദ്ദേഹം അങ്ങനെ വലിയ അടുപ്പങ്ങൾ ഉണ്ടാക്കി.


തന്റെ യുവത്വത്തിലെ ബൗദ്ധിക കാലാവസ്ഥയുടെ ഊഷ്മളസത്തയ്ക്കൊപ്പം അക്ഷരാർത്ഥത്തിൽ അദ്ദേഹം യാത്ര ചെയ്തു. അവാങ് ഗാർദ് പ്രകാശനങ്ങൾക്ക് നിരവധി തരത്തിലുള്ള വേദികൾ ഒരുക്കി. താർക്കികതയിൽ പങ്കെടുക്കുകയും അഭിരമിക്കുകയും മാത്രമല്ല അദ്ദേഹം ചെയ്തത്. മറിച്ച് രാഷ്ട്രീയത്തിലെയും കലയിലെയും ജീവിതത്തിലെയും സാഹിത്യത്തിലെയും വിമതത്വങ്ങളെ അന്വേഷിച്ചു കണ്ടെത്തുകയും അവയ്ക്ക് ശബ്ദവും സ്ഥലവും നൽകുകയും കൂടിയാണ്. ആധുനികതയും വിപ്ലവാത്മകതയുമായുള്ള തന്റെ അഭിനിവേശത്തിന് സാക്ഷ്യമായി. ബെസ്റ്റ് പ്രിന്റേഴ്സ് എന്ന സ്വന്തം അച്ചുകൂടത്തിൽ നിന്ന് പുറത്തിറക്കിയ പ്രസിദ്ധീകരണങ്ങൾ നിലകൊണ്ടു.

രാഷ്ട്രീയവുമായുള്ള അദ്ദേഹത്തിന്റെ ഇടപെടലുകളാകട്ടെ തീപ്പാറുന്ന ചർച്ചകളിലൂടെയും സംഭാഷണങ്ങളിലൂടെയും തിടംവയ്ക്കാനാഗ്രഹിച്ച രാഷ്ട്രീയഭാവനയുടെ പ്രത്യക്ഷങ്ങളുമായിരുന്നു. റാഡിക്കൽ ഹ്യൂമനിസ്റ്റ് ചിന്തയെപ്പറ്റിയുള്ള ഒരു പുസ്തകമാല പുറത്തിറക്കാൻ അദ്ദേഹം ആഗ്രഹിച്ചിരുന്നു (എന്റെ ദാമോദരന്റെ വ്യക്തി, സമുദായം, വിപ്ലവം പോലുള്ള പുസ്തകങ്ങൾ) അത് നടന്നിരുന്നുവെങ്കിൽ ഒരുപക്ഷേ നമ്മുടെ രാഷ്ട്രീയ സംവാദങ്ങൾ ഗുണാത്മകമായി കുറേക്കൂടി സമ്പന്നമായേനെ. യഥാർത്ഥത്തിലുള്ള രാഷ്ട്രീയ പരിഹാരങ്ങളിലേക്കുള്ള പുതിയ കണ്ടെത്തലാകുക വഴി അത് ഇന്ന് നാം വീണുകിടക്കുന്ന മാർക്സിസ്റ്റ്-മാർക്സിസ്റ്റ് വിരുദ്ധ താർക്കികതയിൽനിന്ന് നമ്മെ രക്ഷിക്കുകയും ചെയ്തേനെ.

ആധുനികതയുടെ കുത്തൊഴുക്കിന്റെ കാലത്ത്, അദ്ദേഹത്തിന്റെ റാഡിക്കൽ ഹ്യൂമനിസ്റ്റ് രാഷ്ട്രീയ ചെറുമാസികയായ 'ജ്വാല' അക്കാലത്തെ അവാങ് ഗാർദ് സാഹിത്യത്തിന്റെ ഏറ്റവും ഉജ്വലമായ ശബ്ദമായി മാറുകയുണ്ടായി. ഏറ്റവും നല്ല എഴുത്തുകാരുടെ ഒരു നിരയെ പിൻനിർത്തി സച്ചിദാനന്ദൻ പത്രാധിപത്യം വഹിച്ച ഒരു മാസികയായിരുന്നു അത്. കെട്ടിലും മട്ടിലും, ഇന്നും 'ജ്വാല' അനന്യവും അനനുകരണീയവു

(തുടർച്ച 32-ൽ)

യോഗിക്കപ്പെടുന്നുണ്ട്. കലാരംഗത്ത് ഏറ്റവും മികച്ചവ ഇന്നും സൃഷ്ടിക്കപ്പെടുന്നു. ശാസ്ത്രസാങ്കേതികരംഗത്തും ഈ മികവ് വ്യക്തമാണ്. എന്നാൽ ആ മേഖലയിൽ അറിവ് സമൂലമായ സ്വാതന്ത്ര്യപ്രവർത്തനമല്ലാത്ത ചൂഷണ ഉപാധിയാണ്. യുവത്വം തങ്ങളുടെ സ്വാതന്ത്ര്യബോധത്തെ സ്വയം തിരിച്ചറിഞ്ഞ് കാലികമായ ഒരു മാറ്റത്തിന് നേതൃത്വം കൊടുക്കേണ്ടതുണ്ട്.



വര : വി. മോഹനൻ

ഇന്ത്യയിലെ വിദ്യാഭ്യാസ പദ്ധതിയിൽ സോഷ്യൽ സയൻസ് വിഷയങ്ങളിലെ പഠനം അങ്ങേയറ്റം ജീർണ്ണിച്ചതാണ്. 'ഇക്കണോമിക്സ്' പഠനം ഒട്ടുംതന്നെ സമകാലികമോ ചലനാത്മകമോ അല്ല. ഒരു കോളേജ് പാഠ്യപദ്ധതിയും സോഷ്യൽ സയൻസ് വിഷയങ്ങളിൽ വൈവിധ്യങ്ങൾ രൂപീകരിക്കുന്നില്ല. അങ്ങേയറ്റം വിദ്യാർത്ഥിയെ ഡിസിപ്ലിനുള്ളിൽ തളച്ചിടുന്നു. ഇക്കണോമിക്സ് പഠനം ഇന്റർ ഡിസിപ്ലിനറി അപ്രോച്ചിന് വിധേയമായി പുതിയ പരീക്ഷണങ്ങളും പഠനങ്ങളും സാധ്യമാക്കുകയും വേണം.

1. സാർത്ര് കൃതികളുടെ ഇംഗ്ലീഷ് തർജ്ജമയിൽ 'totalisation' എന്നു സൂചിപ്പിക്കുന്ന വാക്ക്.
2. ഭക്രാനംഗൽ പദ്ധതി ഉദ്ഘാടനം ചെയ്യുമ്പോൾ നെഹ്റു നടത്തിയ പ്രസംഗം.
3. ബിജെപിയുടെ കഴിഞ്ഞ ലോകസഭ തെരഞ്ഞെടുപ്പിലെ പ്രചരണവാക്യം.
4. ഇന്ദിരാഗാന്ധി സർക്കാരിന്റെ പ്രശസ്തമായ പ്രചരണവാക്യം.
5. മൈക്കൽ ഫൂക്കോയുടെ 'governmentality' എന്ന കാഴ്ചപ്പാടിൽ സൂചിപ്പിക്കുന്നു.

## റഹീമിന് വിട....

(തുടർച്ച 21-ാം പേജിൽനിന്ന്)



മായ ഒരു ഉദ്യമമായി നിലനിൽക്കുന്നു. ആകാശത്ത് വസന്തത്തിന്റെ ഇടിമുഴക്കവും ഭൂമിയിൽ അടിയന്തിരാവസ്ഥയും ഉണ്ടായിരുന്ന എഴുപതുകളിൽ ഒരു രാഷ്ട്രീയ അവാങ് ഗാർദ് മാസികയായിരുന്ന 'പ്രസക്തി'യെ പുറത്തുകൊണ്ടുവരുന്നതിനും റഹിം സ്വയം ഉപകരണമായി ചമഞ്ഞു. കെ. ജി. ശങ്കരപ്പിള്ളയായിരുന്നു പത്രാധിപർ. 'കുരുക്ഷേത്ര'വും മലയാളത്തിലെ അക്കാലത്തെ പുതിയ കവിതകളുടെ സമാഹാരമായ സച്ചിദാനന്ദൻ എഡിറ്റ് ചെയ്ത 'ഹരിശ്രീ'യും ഗോവിന്ദന്റെ നാല് കവിതാസമാഹാരങ്ങളും റഹിമില്ലെങ്കിൽ പുറത്തിറക്കാൻ സാധ്യമാവുകയില്ലായിരുന്നു. കെട്ടിലും മട്ടിലും ഒരുക്കൂട്ടലിലും അക്ഷരവിന്യാസത്തിലും ഈ പുസ്തകങ്ങൾ കാണിച്ച പുതുമ അക്കാലത്തെ സർഗ്ഗാത്മക താപമാപനത്തിന്റെ ഏറ്റവും ഉയർന്ന അങ്കണമായിരുന്നു. മേതിൽ രാധാകൃഷ്ണനെപ്പോലുള്ള മലയാളത്തിലെ ഒരു മൗലിക എഴുത്തുകാരനെ സൃഷ്ടിക്കുന്നതിൽ അദ്ദേഹം വഹിച്ച പങ്ക് വളരെ വലുതായിരുന്നു. മേതിലിന്റെ ആദ്യ പുസ്തകമായ സൂര്യവംശം പ്രസിദ്ധീകരിച്ചത് ബെസ്റ്റ് പ്രിന്റേഴ്സ് ആയിരുന്നു. അത്തരം പുസ്തകം പുറത്തിറക്കുക എന്നത് മറ്റ് പ്രസാധകർ ആലോചിക്കുകപോലും ചെയ്യാത്ത കാലത്താണ് റഹിം ഇതുചെയ്തത്. സ്വയം എഡിറ്റ് ചെയ്ത് പ്രസിദ്ധീകരിച്ച 'വന്നേരിനാട്' എന്ന പുസ്തകമായിരുന്നു അദ്ദേഹത്തിന്റെ അവസാന പുസ്തകം. തന്റെ സ്വന്തം നാടിനെക്കുറിച്ചുള്ള അനുസ്മരണങ്ങളും ചരിത്രവും ഓർമ്മകളും ഫോട്ടോഗ്രാഫുകളും ചേർന്ന പുസ്തകമായിരുന്നു അത്.

ഒരു വിമതജീവിതത്തിന്റെ ഐതിഹാസികത അവശേഷിപ്പിച്ചുകൊണ്ടാണ് റഹിം വിട പറഞ്ഞത്. ചിന്തയുടെയും പ്രവൃത്തിയുടെയും ഹിമതത്വങ്ങൾ ഇടകലർന്ന ജീവിതം തന്റെ സമകാലികരിൽ പലരേയും പ്രത്യയശാസ്ത്രങ്ങളും തിരകളും വിഴുങ്ങിയെടുത്തിട്ടും ചിലർ അധികാരസ്ഥാനങ്ങളിൽ എത്തിപ്പെട്ടിട്ടും, മറ്റു ചിലർ സ്വന്തം പ്രതിച്ഛായകളിൽ തറഞ്ഞുപോയിട്ടും എളിമയോടെയും ധൈര്യത്തോടെയും മുന്നോട്ട് യാത്ര ചെയ്യാൻ റഹിമിനായി. ഒറ്റപ്പെട്ടിരിക്കുന്നതിനോ രക്തസാക്ഷിത്വത്തിനോ കൊതിക്കാത്ത ഒരാളായിരുന്നു അദ്ദേഹം. എപ്പോഴും ചുറ്റും കൂടിയവരോട് തമാശ പൊട്ടിച്ചും ഊഷ്മളമായി ഇടപഴകിയും അദ്ദേഹം ജീവിച്ചു. ഇടപെടലുകളിൽ സംവാദാത്മകത്വം പുലർത്തി. പ്രവൃത്തിയിൽ നിർമ്മാണാത്മകത്വവും.

വിട, റഹിം.

*ഡയറക്ടർ, സ്കൂൾ ഓഫ് മീഡിയ സ്റ്റഡീസ്, കാക്കനാട്*